പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : T 2367

07.02.2019 - ൽ മറുപടിക്ക്.

## പ്രളയ ദുരിതബാധിതർക്ക് ആശ്വാസം നൽകുന്നതിന് ഉജ്ജീവന വായ്പ പദ്ധതി

ചോദ്യം
ശ്രീ. വി. ഡി. സതീശൻ
ശ്രീ. റോജി എം. ജോൺ
ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. അൻവർ സാദത്ത്

മറുപടി
ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| | |
|---|---|
| പ്രളയ ദുരിത ബാധിതർക്ക് ആശ്വാസം നൽകുന്നതിന് ഉജ്ജീവന വായ്പ പദ്ധതി എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | 17/12/2018-ലെ സ.ഉ.(കൈ) 27/2018/DMD ഉത്തരവ് പ്രകാരം 2018-ലെ പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ-ചെറുകിട-ഇടത്തരം വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ, കടകൾ കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവനമാർഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിലേക്കായി ***ഉജ്ജീവന സഹായ പദ്ധതി*** പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ വഴി നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട-ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനം പുനരാരംഭിക്കുന്നതിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.<br><br>പ്രസ്തുത പദ്ധതി പ്രകാരം ടേം ലോണിന് വായ്പയുടെ 25% പരമാവധി 2 ലക്ഷം രൂപ മാർജിൻ മണിയായും പ്രവർത്തന മൂലധന വായ്പയ്ക്ക്, വായ്പയുടെ 25% പരമാവധി 1 ലക്ഷം രൂപ മാർജിൻ മണിയായും സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്. പ്രവർത്തന മൂലധന വായ്പ മാത്രമായി എടുക്കുന്നവർക്ക് അവരുടെ താത്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപ വരെ മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ ബാങ്കുകൾക്ക് സർക്കാർ നൽകുന്നതാണ്. ഉജ്ജീവന സഹായ പദ്ധതി പുറപ്പെടുവിക്കുന്നതിന് മുൻപ് പ്രളയത്തിൽ നഷ്ടം സംഭവിച്ച് വായ്പ എടുത്തിട്ടുള്ളതും മൊബൈൽ ആപ്ലിക്കേഷൻ വഴി നടത്തിയ സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കും. |

സെക്ഷൻ ഓഫീസർ.

ജഷ/04/02/19